gulfmadhyamam
2014 ഒക്ടോബർ 10 ● വെള്ളി

# നാസറിൻെറ കുടുംബത്തിന് 'ഒരുമ' സഹായം കൈമാറി

**കുവൈത്ത് സിറ്റി:** ഒരുമ സാമൂഹിക ക്ഷേമ പദ്ധതിയിൽ അംഗമായിരിക്കെ നാട്ടിൽ ഹൃദയാഘാതം മൂലം മരണപ്പെട്ട കോഴിക്കോട് മാങ്കാവ് കുറ്റിയിൽതാഴം കീർത്തനത്തിൽ മുല്ലശ്ശേരി അകത്ത് നാസറിൻെറ കുടുംബത്തിനുള്ള സഹായ ധനം കൈമാറി. രണ്ട് ലക്ഷം രൂപയുടെ ഡ്രാഫ്റ്റ് വെൽഫെയർ പാർട്ടി കിണാശ്ശേരി ഏരിയ പ്രസിഡൻറ് എൻ.വി. അബ്ദുൽ റഊഫ് നാസറിൻെറ ഭാര്യക്ക് കൈമാറി. സോളിഡാരിറ്റി കിണാശ്ശേരി യൂനിറ്റ് പ്രസിഡൻറ് ഷബീർ അലി, സെക്രട്ടറി അബ്ദുൽ അസീസ്, വടകര കോട്ടക്കൽ ജമാഅത്തെ ഇസ്ലാമി യൂനിറ്റ് പ്രസിഡൻറ് എ.സി. ഇബ്രാഹിം തുടങ്ങിയവർ സംബന്ധിച്ചു. കേരള ഇസ്ലാമിക് ഗ്രൂപ്പിൻെറ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന പദ്ധതിയിൽ അംഗമാകുന്നവർ മരണപ്പെട്ടാൽ കുടുംബത്തിന് സഹായം ലഭിക്കുന്നതാണ് പദ്ധതി. വിവരങ്ങൾ 97939049 നമ്പറിലും www.orumakuwait.com വെബ്സൈറ്റിലും ലഭിക്കും.